2015-16 സാമ്പത്തിക വർഷത്തെ നികുതി

101 (1927) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും അനുവദിച്ച തുക എത്രയെന്നും ; ആയതിൽ ഓരോ വകുപ്പും 2015 ഒക്ടോബർ 31 വരെ എത്ര തുക വീതം ചെലവഴിച്ചെന്നും വിശദമാക്കുമോ ;

(ബി) നടപ്പുവർഷം ലോട്ടറി, മോട്ടോർ വാഹന, രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും എത്ര തുക നികുതിയിനത്തിൽ പിരിക്കുവാനാണ് തീരുമാനിച്ചത് ; പ്രസ്തുത വകുപ്പുകളിൽനിന്നും 2015 ഒക്ടോബർ 31 വരെ എത്ര തുക പിരിഞ്ഞുകിട്ടി ; വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യ വിപണനം വഴി ഉദ്ദേശിച്ച വരുമാനം എത്ര ; ആയതിൽ 2015 ഒക്ടോബർ 31 വരെ എത്ര തുക പിരിഞ്ഞു കിട്ടി ; വിശദമാക്കുമോ ;

(ഡി) സ്വർണ്ണ വിപണന രംഗത്തുനിന്നും നടപ്പുവർഷംനികുതിയിനത്തിൽ ഉദ്ദേശിച്ച വരുമാനം എത്ര ; നാളിതുവരെ (2015 ഒക്ടോബർ 31 വരെ) എത്ര തുക പിരിഞ്ഞു കിട്ടി ; പ്രസ്തുത മേഖലയിലെ നികുതി ഘടനയിലെ അപാകതകൾമൂലം നികുതി വരുമാനം കുറയുകയും സ്വർണ്ണക്കള്ളക്കടത്ത് കൂടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) <u>ലോട്ടറി വകുപ്പ് :</u>

പ്രതിവാര ഭാഗ്യക്കുറികൾക്ക് 50 ലക്ഷം രൂപ വീതവും ബമ്പർ ഭാഗ്യക്കുറികൾക്ക് ഒരു കോടി രൂപ വീതവും മുൻകൂർ നികുതി ചുമത്തുന്നുണ്ട്. 2015 ഒക്ടോബർ 31 വരെ ഈയിനത്തിൽ 108 കോടി രൂപ കിട്ടിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹന വകുപ്പ് :

2015-16 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് 3087.35 കോടി രൂപയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 2015 ഒക്ടോബർ 31 വരെ 1532.81 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പ് :

4166 കോടി രൂപ പിരിക്കുവാൻ ലക്ഷ്യമിട്ടിരിന്നു. ഇതിൽ 2015 ഒക്ടോബർ 31 വരെ 1462.15 കോടി രൂപ പിരിഞ്ഞുകിട്ടി.

(സി) നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യവിപണനംവഴി ഉദ്ദേശിച്ച വരുമാനം 2600.66 കോടി രൂപയാണ്. ആയതിൽ 2015 ഒക്ടോബർ 31 വരെ 1121.14 കോടി രൂപ പിരിഞ്ഞുകിട്ടി.

(ഡി) സ്വർണ്ണ വിപണന രംഗത്ത് നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2015 ഒക്ടോബർ 31 വരെ സ്വർണ്ണ വിപണനംവഴിയുള്ള നികുതിയായ 322.72 കോടി രൂപ പിരിച്ചെടുത്തു. നടപ്പ് സാമ്പത്തിക വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനത്തിൽ കുറവ് വന്നിട്ടില്ല. 31-10-2015-ലെ കണക്കുകൾ പ്രകാരം 19% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇ-പേമെന്റ് സംവിധാനം

102 (1928) ശ്രീ. കെ. അച്ചുതൻ:
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?.

LIBRARY ARCHIVES Kerala Legislative Assembly